(എ) കുറ്റ്യാടി-പെരുവണ്ണാമൂഴി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട മെയിൻ ബ്രാഞ്ച് കനാലുകളുടെ നീളം എത്ര ;

(ബി) എത്ര ഹെക്ടർ സ്ഥലത്ത് ഈ കനാലുകളുടെ പ്രയോജനം ലഭിക്കുന്നുണ്ട് ;

(സി) പ്രവർത്തനക്ഷമമല്ലാത്ത എത്ര മീറ്റർ കനാലുണ്ട് ;

(ഡി) അവ പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുറ്റ്യാടി-പെരുവണ്ണാമൂഴി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട മെയിൻ കനാലിന്റെ നീളം 75 കി.മീറ്ററും ബ്രാഞ്ച് കനാലിന്റെ നീളം 136 കി.മീറ്ററും ഡിസ്ട്രിബ്യൂട്ടറിയും സബ് ഡിസ്ട്രിബ്യൂട്ടറിയും ചേർന്നുള്ള നീളം 219 കി.മീറ്ററും ആകുന്നു.

(ബി) 14,151 ഹെക്ടർ സ്ഥലത്ത്.

(സി) 5.70 കി.മീറ്റർ കനാലുകൾ ഉണ്ട്.

(ഡി) ഉദ്ദേശമുണ്ട്. ഇക്കാര്യം പരിശോധനയിലാണ്.

മൂന്നാംകടവ് ജലസേചനപദ്ധതി

27 (1693) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാംകടവ് ജലസേചനപദ്ധതി പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഇപ്പോൾ നടക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂർ ഇറിഗേഷൻ ഇൻവെസ്റ്റിഗേഷൻ ഡിവിഷന്റെ കീഴിൽ കാഞ്ഞങ്ങാട് ഒരു സബ്ഡിവിഷനും കാസർഗോഡ് രണ്ട് സെക്ഷനുകളും കണ്ണൂരിൽ ഒരു സെക്ഷനും പ്രവർത്തിക്കുന്നുണ്ട്. 23.29 ഹെക്ടർ സ്ഥലത്ത് സൈറ്റ് സർവ്വേ, അപ്സ്ട്രീമിലെ 1.8 കി.മീ. റിവർ സർവ്വേ, 23.29 ഹെക്ടർ സ്ഥലത്തെ ഡാം സൈറ്റ് സർവ്വേ, ഡൗൺ സ്ട്രീമിലെ 1.8 കി.മീ റിവർ അലൈൻമെന്റ് സർവ്വേ എന്നീ ജോലികൾ പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഇൻവെസ്റ്റിഗേഷൻ ജോലികൾ ഇപ്പോൾ നടക്കുന്നില്ല. എന്നാൽ ആവശ്യമായ ഗതാഗതസൗകര്യം, സാങ്കേതിക ഉദ്യോഗസ്ഥർ, ഫണ്ട് മുതലായവയുടെ ലഭ്യതയനുസരിച്ച് ഈ പദ്ധതിയുടെ പര്യവേഷണജോലികൾ പൂർത്തിയാക്കാൻ കഴിയും.

പറശ്ശിനി നീർപ്പാലം നിർമ്മാണം

28 (1694) ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശി പദ്ധതിയുടെ ഭാഗമായി പണിത പറശ്ശിനി നീർപ്പാലം നിർമ്മാണത്തിൽ ക്രമക്കേട് നടന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയതെന്നും അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ;

(സി) പ്രസ്തുത നീർപ്പാലം നിർമ്മാണജോലിക്ക് എന്നാണ് കരാർ നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) എസ്റ്റിമേറ്റ് തുകയിൽ നിയമപ്രകാരമുള്ള വർദ്ധനയ്ക്ക് പുറമേ വീണ്ടും തുക വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ എന്ത് തുക വർദ്ധിപ്പിച്ചു; ഇത് ചട്ടപ്രകാരമായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ചട്ടവിരുദ്ധമായി തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ പേരിൽ കേസെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ കാര്യത്തിൽ വിജിലൻസ് അന്വേഷണം നടന്നു വരികയാണ്. അന്വേഷണത്തിന്റെ വിശദവിവരങ്ങൾ ലഭിച്ചിട്ടില്ല.

(സി) 1983-ൽ

(ഡി) ഉണ്ട്.

(ഇ) 1992-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് സർക്കാർ ഉത്തരവ് ജി ഒ (ആർ റ്റി)382/93/ ഐ.ആർ.ഡി. തീയതി 29-03-1993 പ്രകാരം 25 ശതമാനവും ജി ഒ (ആർ റ്റി) 450/95/ഐ.ആർ.ഡി. തീയതി 28-04-1995 പ്രകാരം 75 ശതമാനവും വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) വിജിലൻസ് അന്വേഷണം നടന്നു വരുന്നതിനാൽ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല

LIBRARY ARCHIVES Kerala Legislative Assembly